**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5176** **21-07-2022 - ൽ മറുപടിയ്ക്ക്**

**മണലൂർ മണ്ഡലത്തിലെ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ അരിമ്പൂരിൽ പ്രവർത്തിക്കുന്ന അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | കാർഷിക പ്രവർത്തികൾ സമയബന്ധിതമായി ചെയ്തു തീർക്കുന്നതിനായി യന്ത്രങ്ങളായ ട്രാക്ടർ, ടില്ലർ, ട്രാൻസ്പ്ലാന്റർ, ഗാർഡൻ ടില്ലർ, പമ്പ് സെറ്റുകൾ എന്നിവ കർഷകർക്ക് ലഭ്യമാക്കുക, യന്ത്രങ്ങളുടെ റിപ്പയർ സർവീസ് ചെയ്തു കൊടുക്കുക, കർഷകർക്കും അനുബന്ധ തൊഴിൽ മേഖലയിലുള്ളവർക്കും ആവശ്യമായ പരിശീലനം നൽകുക എന്നിവയാണ് അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ പ്രധാന പ്രവർത്തനങ്ങൾ. അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ അരിമ്പൂർ ശാഖ വഴി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ കൂടി നടത്തി വരുന്നുണ്ട്:<br><br>(1) പച്ചക്കറി കൃഷി വ്യാപനത്തിനായി ഗ്രീൻ ഹൗസ്, മഴമറ തുടങ്ങിയവ നിർമ്മിച്ച് അതിലേക്കാവശ്യമായ ഇറിഗേഷൻ സംവിധാനം നൂതന ടെക്നോളജി വഴി ചെയ്തു കൊടുക്കുന്നു.<br><br>(2) കർഷകർക്ക് ആവശ്യമായ വിത്ത്, വളം, തൈകൾ, കാർഷിക ഉപകരണങ്ങൾ തുടങ്ങിയവ അഗ്രോ ബസാർ വഴി ലഭ്യമാക്കുന്നു.<br><br>(3) മണിക്കൂറിന് 800/- രൂപ വാടകയ്ക്ക് കൊയ്ത്തു മെഷീൻ ഉപയോഗിച്ച് നെല്ല് കൊയ്ത് കൊടുക്കുന്നു.<br><br>(4) ഇറിഗേഷൻ സംവിധാനങ്ങളായ ഡ്രിപ് ഇറിഗേഷൻ, സ്പ്രിംഗ്ലർ ഇറിഗേഷൻ, പ്ലംബിങ് മുതലായവ ചെയ്തു കൊടുക്കുന്നു.<br><br>(5) കോൾ മേഖലയിലേയ്ക്ക് ആവശ്യമായ പെട്ടി, പറ എന്നിവ നിർമ്മിച്ച് പാടശേഖരങ്ങൾക്ക് കൊടുക്കുന്നു. അതിലേയ്ക്ക് ആവശ്യമായ പമ്പ് സെറ്റുകളും തിരഞ്ഞെടുത്ത് നൽകുന്നു. |

| | | | |
|---|---|---|---|
| | | | (6) കൊപ്ര ഡ്രയർ നിർമ്മിച്ച് കർഷകർക്ക് ലഭ്യമാക്കുന്നു.<br><br>(7) ക്ഷേത്രങ്ങൾക്ക് ആവശ്യമായ ഭണ്ഡാരങ്ങൾ നിർമ്മിച്ച് നൽകുന്നു.<br><br>(8) ട്രാക്ടർ ട്രെയിനിങ് സർട്ടിഫിക്കറ്റ് കോഴ്സുകൾ നടത്തിവരുന്നു. കോഴ്സ് പൂർത്തിയാക്കുന്നവർക്ക് ലൈസൻസും എടുത്തു നൽകുന്നു.<br><br>(9)മാലിന്യനിർമ്മാർജ്ജനത്തിന് ആവശ്യമായ ബയോഗ്യാസ് പ്ലാന്റുകൾ, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ എന്നിവ നിർമ്മിച്ച് നൽകുന്നു.<br><br>(10) കുടിവെള്ളത്തിനായി വാട്ടർ എ.ടി.എം, പ്യൂരിഫയർ എന്നിവ നിർമ്മിച്ച് നൽകുന്നു. |
| (ബി) | പ്രസ്തുത സ്ഥാപനത്തിലെ നിലവിലുള്ള ജീവനക്കാരുടെ വിശദാംശം നൽകാമോ; | (ബി) | **സ്ഥിരം ജീവനക്കാർ**<br>ഡിവിഷണൽ എൻജിനീയർ - 1<br>ഡെപ്യൂട്ടി മാനേജർ (മെറ്റീരിയൽസ്) - 1<br>ഡെപ്യൂട്ടി മാനേജർ - 1<br>ട്രാക്ടർ ഓപ്പറേറ്റർ കം വർക്ക്ഷോപ്പ് അസിസ്റ്റന്റ് - 1<br>പ്യൂൺ - 1<br>സ്വീപ്പർ കം ഹെൽപ്പർ - 1<br><br>**താൽക്കാലിക ജീവനക്കാർ** - 10 എണ്ണം |
| (സി) | പ്രസ്തുത സ്ഥാപനത്തിന്റെ കൈവശമുള്ള കാർഷിക പ്രവൃത്തികളുമായി ബന്ധപ്പെട്ട ഉപകരണങ്ങളുടെയും യന്ത്രങ്ങളുടെയും വിശദാംശം നൽകാമോ; | (സി) | കൊയ്ത്തു മെതി യന്ത്രങ്ങൾ - 63 എണ്ണം<br><br>നടിൽ യന്ത്രം - 7 എണ്ണം<br><br>ട്രാക്ടർ - 2 എണ്ണം<br><br>പവർ ടില്ലർ - 22 എണ്ണം |
| (ഡി) | നിലവിലുള്ള യന്ത്രങ്ങളുടെ പ്രവർത്തനക്ഷമത, കാലപ്പഴക്കം മൂലം കുറഞ്ഞു വരുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (ഡി) | ഉണ്ട്. |
| (ഇ) | റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ യന്ത്രങ്ങൾ വാങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ; | (ഇ) | തൃശ്ശൂർ പൊന്നാനി കോൾ പാടങ്ങളിൽ നെല്ലുൽപാദനം വർധിപ്പിക്കുന്നതിനായി യന്ത്രസാമഗ്രികൾ വാങ്ങുന്നതിലേക്കായി 2.49 കോടി രൂപ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് അനുവദിച്ചിട്ടുണ്ട്. ഇതിനായി രൂപീകരിച്ച കമ്മിറ്റി നിർദേശിച്ച സ്പെസിഫിക്കേഷൻ ഉള്ള യന്ത്ര സാമഗ്രികൾക്കായി ഇ-ടെൻഡർ നടപടി പൂർത്തിയാക്കിയിട്ടുണ്ട്. ടി യന്ത്രങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു<br><br>ROTO PUDDLER - 15 |

| | | | |
|---|---|---|---|
| | | | AGRO EXAVATOR / Dredger (AMPHIBIAN) – 1<br><br>Mini EXAVATOR with pontoon – 1<br><br>AUTOMATIC RIDING TYPE TRANSPLANTER – 6<br><br>TRUCK - 1 |
| (എഫ്) | തൃശ്ശൂർ ജില്ലയിലെ കാർഷിക മേഖലയുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന്റെ വികസനത്തിന് എന്തെങ്കിലും പദ്ധതിയുണ്ടോ; വിശദമാക്കാമോ? | (എഫ്) | ഓർഗാനിക് വളം നിർമ്മാണ യൂണിറ്റ് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ അരിമ്പൂർ ശാഖയോട്ട ചേർന്ന് തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഗുണനിലവാരമുള്ള ഓർഗാനിക് വളം വ്യാപകമായി വിതരണം ചെയ്യുക എന്നുള്ളതാണ് ഈ യൂണിറ്റിന്റെ ലക്ഷ്യം. |

സെക്ഷൻ ഓഫീസർ